"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ-തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ജലശ്രീ - സമ്പൂർണ്ണ ജലസുരക്ഷാ പദ്ധതി- കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള ചെലവ്-നിരക്ക് പുതുക്കുന്നതിന് അംഗീകാരം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.981/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/05/2020

---

പരാമർശം:- 1 തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01/02/2020ലെ കത്ത്.

2 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 13/12/2019-ലെ 12(9)-ാം നമ്പർ തീരുമാനം.

3 25/02/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.89.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ജലശ്രീ ജലസുരക്ഷാ പദ്ധതി 2017-18ൽ തുടങ്ങിയതാണ്. ഈ വർഷം ഇത് സ്പിൽ ഓവറായി തുടരുന്നു. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കിണറുകൾ റീ ചാർജ്ജ് ചെയ്യുന്നുണ്ട്. നിലവിൽ കിണർ റീചാർജ്ജ് ചെയ്യുന്നതിന് (പൊതുസ്ഥാപനങ്ങളുടെ) പരന്ന മേൽക്കൂരക്ക് 20,500 - രൂപയും ചരിഞ്ഞ മേൽക്കൂരക്ക് 24,500/- രൂപയുമാണ്. ചെലവ് വർദ്ധിച്ചതിനാൽ ഇത് യഥാക്രമം 26,000/- രൂപയും 32,800/- രൂപയുമായി വർദ്ധിപ്പിക്കണമെന്ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ മഴവെള്ള സംഭരണ പ്രവൃത്തികളായ കുളം നവീകരണം, തടയണകൾ, വലിയ സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രികൾ, സർക്കാർ പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കിണർ റീ ചാർജ്ജിംഗ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലും ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം രണ്ട് തീരുമാനം, തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശംഒന്ന് കത്ത് പ്രകാരം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശയുടെ അടിസ്ഥാനത്തിൽ വികേന്ദ്രികൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം 3 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ കിണർ റീചാർജ്ജ് ചെയ്യുന്നതിന് (പൊതുസ്ഥാപനങ്ങളുടെ) പരന്ന മേൽക്കൂരക്ക് 20,500/- രൂപയും ചരിഞ്ഞ മേൽക്കൂരക്ക് 24,500/- എന്ന നിലവിലെ നിരക്ക് യഥാക്രമം 24,500/- 26.000/- രൂപയായും വർദ്ധിപ്പിക്കുന്നതിനു അനുമതി നൽകിക്കൊണ്ടും, മറ്റുള്ള പ്രവൃത്തികൾക്ക് ആവശ്യപ്പെട്ട പ്രകാരം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

File No.DB4/48/2020-LSGD

സെക്രട്ടറി, തിരുവനന്തപുരം ജില്ലാപഞ്ചായത്ത്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ